بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 13.10.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ബദ്ർ യുദ്ധാനന്തര സംഭവങ്ങൾ തുടർച്ച ഫലസ്തീൻ പ്രതിസന്ധിയിൽ നീതിക്കുവേണ്ടിയുള്ള ആഹ്വാനം

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബദ്റിന്റെ അവസരത്തിലോ ബദ്റിൽ നിന്ന് മടങ്ങുമ്പോഴോ നടന്ന തിരുനബി(സ)യുടെ ജീവിതത്തിലെ ചില സംഭവങ്ങൾ ആണ് പരാമർശിച്ചുകൊണ്ടിരിക്കുന്നത്. ഈ സംഭവങ്ങളിൽ ഹദ്റത്ത് ആയിശ(റ)യുടെ വിവാഹവും പരാമർശിക്കപ്പെടുന്നതു കൊണ്ട് ഞാനിവിടെ അത് പരാമർശിക്കുകയാണ്.

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഖദീജ(റ)യുടെ മരണശേഷം ഒരു ദിവസം ഉസ്മാൻ ബിൻ മസ്ഊന്റെ ഭാര്യ ഖൗല ബിൻത് ഹക്കീം നബി(സ)യുടെ സന്നിധിയിൽ വന്ന് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! അവിടുന്ന് വിവാഹം കഴിക്കുന്നില്ലേ? ആരെയാണെന്ന് നബി(സ) ചോദിച്ചപ്പോൾ, വേണമെങ്കിൽ കന്യകയും വിധവയും ഉണ്ടെന്ന് ഖൗല മറുപടി പറഞ്ഞു. തിരുനബി(സ)യുടെ അന്വേഷണത്തിൽ ഖൗല പറഞ്ഞു: കന്യക ആഇശ ബിൻത് അബൂബക്കറും വിധവ സൗദ ബിൻത് സംഅയുമാണ്. തിരുനബി(സ) പറഞ്ഞു: പോയി ഇരുവരുടെയും വീട്ടുകാരോട് എന്നെ കുറിച്ച് സംസാരിക്കുക. ഹദ്റത്ത് ഖൗല ആദ്യം വിവാഹകാര്യം അവതരിപ്പിച്ചത് ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ വീട്ടിലാണ്. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സമ്മതത്തിന്ശേഷം അവിടുന്ന് ആഇശ(റ)യെ വിവാഹം കഴിച്ചു. ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു: വിവാഹശേഷം തിരുനബി(സ) എന്നോട് പറഞ്ഞു: ഞാൻ നിന്നെ വിവാഹം കഴിക്കുന്നതിനുമുമ്പ് നിന്നെ രണ്ട് തവണ സ്വപ്നത്തിൽ ദർശിച്ചിരുന്നു. ഹദ്റത്ത് ആഇശ വിവാഹിതയായപ്പോൾ, കപടവിശ്വാസികളോ എതിരാളികളോ അവരുടെ ചെറുപ്പത്തെക്കുറിച്ച് ഒരു ആക്ഷേപവും ഉന്നയിച്ചിരുന്നില്ല. അവരുടെ പ്രായത്തിൽ അങ്ങനെ അസാധാരണമായ എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഇക്കൂട്ടർ ആക്ഷേപം ഉന്നയിക്കുമായിരുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് ആഇശയുടെ പ്രായം 9 എന്നുള്ളത് പൊള്ളയായ വാക്കുകളാണ്.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഹദ്റത്ത് ആഇശ(റ)യുടെ സവിശേഷതകളെ പരാമർശിച്ചുകൊണ്ട് പറയുന്നു: ചെറുപ്പമായിരുന്നിട്ടും ഹദ്റത്ത് ആഇശയുടെ ബുദ്ധിയും ഓർമ്മശക്തിയും തീഷ്ണമായിരുന്നു. നബി(സ)യുടെ ശിക്ഷണത്തിൽ അവർ വളരെ വേഗത്തിൽ പുരോഗതി കൈവരിച്ചു. വാസ്തവത്തിൽ, ഇത്രയും ചെറുപ്പത്തിൽ തന്നെ അവരെ വീട്ടിലേക്ക് കൊണ്ടുവന്നതിലൂടെ അവരെ തന്റെ കൂടെ നിർത്തിക്കൊണ്ട് അവർക്ക് തർബിയത്ത് നൽകാൻ അവസരം നൽകുക എന്നതും ഒരു ന്യായപ്രമാണവാഹകനായ പ്രവാചകപത്നിയുടെ ചുമലിൽ വരുന്ന സങ്കീർണവും ശ്രേഷ്ഠവുമായ ദൗത്യം ഏൽപ്പിക്കുന്നതിന് അവരെ യോഗ്യനാക്കിത്തീർക്കുക എന്നതുമായിരുന്നു നബി(സ)യുടെ ഉദ്ദേശം. അതിനാൽ, മുസ്‌ലിം സ്ത്രീകളുടെ വിദ്യാഭ്യാസവും ശിക്ഷണവും ലോക ചരിത്രത്തിൽ അഭൂതപൂർവമായ നിലയിൽ ഹദ്റത്ത് ആഇശ(റ) നിർവ്വഹിച്ചു. പ്രവാചകൻ(സ)ന്റെ ഹദീസുകളുടെ വലുതും പ്രധാനപ്പെട്ടതുമായ ഒരു ഭാഗം അവരുടെ നിവേദനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

അവരിൽനിന്ന് വിവരിച്ച നിവേദനങ്ങളുടെ എണ്ണം രണ്ടായിരത്തി ഇരുന്നൂറ്റി പത്ത് ആണ്. ദീനിനെക്കുറിച്ചുള്ള അവരുടെ അറിവിന്റെ കാര്യത്തിൽ വലിയ സ്വഹാബികൾപോലും അവരിൽ നിന്ന് പ്രയോജനമെടുത്തിരുന്നു.

തിരുനബി(സ) പറയുന്നു: സ്ത്രീകളിൽ സമ്പൂർണത കൈവരിച്ചവർ വളരേ വിരളമാണ്. തുടർന്ന് അവിടുന്ന് ഫിർഔന്റെ ഭാര്യ ആസിയയെയും ഇമ്രാന്റെ മകൾ മറിയമിനേയും പരാമർശിച്ചു. സ്ത്രീകളിൽ ആഇശയ്ക്ക് ഉള്ള ശ്രേഷ്ഠത, അറേബ്യയിലെ ഇഷ്ടഭക്ഷണമായ ഥരീദിന് മറ്റ് ഭക്ഷണത്തിനുമേൽ ശ്രേഷ്ഠത ഉള്ളതുപോലെയാണ്. തിരുനബി(സ)യുടെ വഫാത്തിനുശേഷം ഏകദേശം 48 വർഷം ജീവിച്ച ഹദ്റത്ത് ആഇശ(റ) ഹിജ്റ 58ൽ തന്റെ യഥാർത്ഥ പ്രേമഭാജനത്തിലേക്ക് യാത്രയായി. വഫാത്താകുമ്പോൾ അവർക്ക് 68 വയസ്സായിരുന്നു.

ബദ്റിലെ തടവുകാരിൽ തിരുനബി(സ)യുടെ മകൾ ഹദ്റത്ത് സൈനബിന്റെ ഭർത്താവ് അബുൽആസ് ബിൻ അർറബീഅയും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തെ മോചിപ്പിക്കാൻ, ഹദ്റത്ത് സൈനബ് അവളുടെ വിവാഹത്തോടനുബന്ധിച്ച് തന്റെ മാതാവ് ഹദ്റത്ത് ഖദീജ നൽകിയ മാല അയച്ചു കൊടുത്തു. ആ മാല കണ്ടപ്പോൾ തിരുനബി(സ) വളരെ ദുഃഖിതനായി; സ്വഹാബികളോട് പറഞ്ഞു: നിങ്ങൾക്ക് അനുയോജ്യമെന്ന് തോന്നുകയാണെങ്കിൽ സൈനബയുടെ തടവുകാരനെ വിട്ടയക്കുക; അവളുടെ മാലയും തിരികെ നൽകുക. സ്വഹാബികൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! തീർച്ചയായും (ഞങ്ങൾ അങ്ങനെ ചെയ്യുന്നതാണ്.) മക്കയിലേക്ക് പോയാലുടൻ ഭാര്യ സൈനബിനെ മദീനയിലേക്ക് ഹിജ്റ ചെയ്യാൻ അനുവദിക്കുമെന്ന വ്യവസ്ഥയിൽ ആണ് തിരുനബി(സ) അബുൽആസിനെ വിട്ടയച്ചത്. അബുൽആസ് മക്കയിലേക്ക് പോയി സൈനബിനെ ഹിജ്റ ചെയ്യാൻ അനുവദിച്ചു. കുറച്ചു കാലത്തിനുശേഷം അബുൽആസും പലായനം ചെയ്തു മദീനയിൽ വന്നു; അങ്ങനെ ഭാര്യാഭർത്താക്കന്മാർ വീണ്ടും ഒന്നിച്ചു.

ഖുത്ബയുടെ രണ്ടാം ഭാഗത്തിൽ ഹുസൂർ അൻവർ പറഞ്ഞു: ഇന്നത്തെ ലോകത്തിന്റെ അവസ്ഥയെക്കുറിച്ച് ഈ സമയത്ത് ഞാൻ ദുആക്ക്വേണ്ടി പറയാൻ ആഗ്രഹിക്കുകയാണ്. ഈ യുദ്ധം കാരണം, ഇരുവശത്തും ഇപ്പോൾ സ്ത്രീകളും കുട്ടികളും പ്രായമായവരും വിവേചനരഹിതമായി കൊല്ലപ്പെടുകയാണ്; അല്ലെങ്കിൽ കൊല്ലപ്പെട്ടിരിക്കുന്നു.

യുദ്ധസാഹചര്യങ്ങളിൽപോലും സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തിൽ പങ്കെടുക്കാത്തവരെയും കൊല്ലുന്നത് ഇസ്ലാം അനുവദിക്കുന്നില്ല. തിരുനബി(സ) ഇതിനെക്കുറിച്ച് വളരെ ശക്തമായി താക്കീദ് ചെയ്തിട്ടുണ്ട്. ലോകം പറഞ്ഞുകൊണ്ടിരിക്കുന്നതും ചില വസ്തുതകളും ഈ യുദ്ധത്തിന് ആരംഭം കുറിച്ചത് ഹമാസാണെന്നാണ്. ഇസ്റായേൽ സൈന്യം ഇതിനകം എത്ര നിരപരാധികളായ ഫലസ്തീനികളെ കൊന്നൊടുക്കി എന്നത് മറ്റൊരു കാര്യം. ഏതായിരുന്നാലും മുസ്ലിംകൾ ഇസ്ലാമിക അധ്യാപനങ്ങൾ പാലിക്കേണ്ടതാണ്. ഇസ്റായേൽ സൈന്യം ചെയ്ത അവരുടെ പ്രവൃത്തികൾക്ക് പ്രതികരിക്കാൻ മറ്റ് മാർഗങ്ങളുണ്ടായിരുന്നു. നിയമാനുസൃതമായ യുദ്ധമാണെങ്കിൽ പോലും അത് സൈന്യത്തോടാണ് വേണ്ടിയിരുന്നത്; അല്ലാതെ സ്ത്രീകളോടും കുട്ടികളോടും നിരപരാധികളോടും അല്ല.

ഈ അർത്ഥത്തിൽ, ഹമാസിന്റെ നടപടികൾ തികച്ചും തെറ്റായിരുന്നു. അത് അവർക്ക് കൂടുതൽ ദോഷകരവുമായിരുന്നു. ഹമാസ് ചെയ്തതിനുള്ള പ്രതികാരം ഹമാസിനോട് മാത്രം ഒതുങ്ങിയാൽ നന്നായിരുന്നു. എന്നാൽ ഇസ്റായേൽ ഭരണകൂടം ചെയ്യുന്ന പ്രതികരണം വളരെ അപകടകരമാണ്. ഈ കാര്യങ്ങൾ ഇപ്പോൾ അവസാനിക്കില്ലെന്ന് തോന്നുന്നു. ഗാസയെ പൂർണമായി നശിപ്പിക്കുമെന്നായിരുന്നു ഇസ്റായേൽ ഭരണകൂടത്തിന്റെ പ്രഖ്യാപനം. ഇതിനായി അവർ ശക്തമായി ബോംബെറിഞ്ഞു; നഗരം മുഴുവൻ ചാരമാക്കി. ഇപ്പോൾ ഉള്ള പുതിയ സാഹചര്യം എന്തെന്നാൽ ഒരു ലക്ഷത്തിലധികം ആളുകൾ ഗാസ വിട്ടുപോകണമെന്ന് അവർ പറയുന്നു. ഇത് മനുഷ്യാവകാശ ലംഘനമാണെന്നും ഇത് തെറ്റാണെന്നും ഐക്യരാഷ്ട്ര സഭയുടെ ശബ്ദം ഉയർന്നത് ചെറിയ രീതിയിലാണെങ്കിലും നല്ല കാര്യമാണ്. അത് തെറ്റാണെന്ന് കർശനമായി പറയുന്നതിനുപകരം, അവൻ ഇപ്പോഴും അപേക്ഷിക്കുകയാണ് ചെയ്യുന്നത്.

എതായിരുന്നാലും, യുദ്ധം ചെയ്യാത്ത നിരപരാധികളായ സാധാരണക്കാർ കുറ്റക്കാരല്ല. ഇസ്റായേല്യരുടെ സ്ത്രീകളും കുട്ടികളും നിരപരാധികളാണെന്ന് ലോകം കണക്കാക്കുന്നുവെങ്കിൽ, (അതുപോലെ) ഈ ഫലസ്തീൻ സ്ത്രീകളും കുട്ടികളും നിരപരാധികൾ തന്നെയാണ്. ഇത്തരത്തിലുള്ള കൊലപാതകം അനുവദനീയമല്ലെന്ന് ഗ്രന്ഥാനുസാരികളായ ഈ ആളുകളുടെ സ്വന്തം ഗ്രന്ഥത്തിൽ തന്നെ പറയുന്നുണ്ട്. മുസ്‌ലിംകൾ തെറ്റ് ചെയ്തുവെന്ന് ആരോപിക്കുന്ന ഇവരും ഇവരുടെ ചെയ്തികളിലേക്ക് നോക്കേണ്ടതാണ്.

എതായിരുന്നാലും, നമുക്ക് വളരെയധികം ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. ഹമാസ് ഒരു തീവ്രവാദ സംഘടനയാണെന്നും സർക്കാരല്ലെന്നും ഫലസ്തീൻ അംബാസഡർ പറഞ്ഞു. അതേസമയം, യഥാർത്ഥ നീതി സ്ഥാപിക്കപ്പെട്ടിരുന്നെങ്കിൽ, ഈ കാര്യങ്ങൾ ഉണ്ടാകില്ലായിരുന്നു എന്ന ചോദ്യരൂപേണയുള്ള അദ്ദേഹത്തിന്റെ ഈ അഭിപ്രായം ശരിയാണ്. വൻശക്തികൾ അവരുടെ ഇരട്ടത്താപ്പ് കാണിച്ചിരുന്നില്ലെങ്കിൽ, ഇത്തരം അശാന്തിയും യുദ്ധങ്ങളും ഒരിക്കലും സംഭവിക്കില്ലായിരുന്നു. ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഞാൻ കുറെ നാളുകളായി ഇതൊക്കെ പറയുന്നുണ്ടെങ്കിലും മുന്നിൽ നിന്ന് ശരിയാണെന്നു സമ്മതിക്കുന്നു എങ്കിലും അതനുസരിച്ചു പ്രവർത്തിക്കാൻ അവർ തയ്യാറല്ല. ഇപ്പോൾ എല്ലാ പ്രധാന പാശ്ചാത്യശക്തികളും നീതിയെ മാറ്റിനിർത്തി ഫലസ്തീനെ അടിച്ചമർത്താൻ ഒരുമിക്കുകയും എല്ലാ ഭാഗത്തുനിന്നും സൈന്യത്തെ അയക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടക്കുകയും ചെയ്യുന്നു. മാധ്യമങ്ങളിൽ തെറ്റായ വാർത്തകളാണ് പ്രചരിക്കുന്നത്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിൽ അവർ പ്രവർത്തിക്കുന്നു. ലോകം വൻ സാമ്പത്തിക ശക്തികൾക്കു മുന്നിൽ തലകുനിക്കുകയാണ്. കാര്യങ്ങൾ വിശകലനം ചെയ്തു നോക്കുമ്പോൾ, വൻശക്തികൾ യുദ്ധം ആളിക്കത്തിക്കാനാണ് ശ്രമിക്കുന്നതെന്നു കാണാൻ സാധിക്കുന്നു. അവർ യുദ്ധം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല.

ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ലീഗ് ഓഫ് നേഷൻസ് രൂപീകരിക്കുകയുണ്ടായി. എങ്കിലും നീതി നടപ്പാക്കാത്തതിനാൽ അത് പരാജയപ്പെടുകയും രണ്ടാം ലോകമഹായുദ്ധം നടക്കുകയും ചെയ്തു. അതിൽ ഏഴു കോടി ജനങ്ങൾക്ക് ജീവഹാനി സംഭവിച്ചു. പിന്നീട് ഐക്യരാഷ്ട്രസഭ രൂപീകരിച്ചെങ്കിലും ഇപ്പോൾ അതു തന്നെയാണ് സംഭവിക്കുന്നത്. അതും ദയനീയമായി പരാജയപ്പെടുന്നു. അതിലൂടെ നീതി സ്ഥാപിക്കപ്പെടാനും അടിച്ചമർത്തപ്പെട്ടവരെ പിന്തുണയ്ക്കുന്നതിനും യുദ്ധങ്ങൾ അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാക്കാനുമാണ് അത് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ ലക്ഷ്യങ്ങളൊന്നും വിദൂരമായി പോലും കാണാൻ കഴിയുന്നില്ല. ഓരോരുത്തരും അവരവരുടെ താൽപ്പര്യങ്ങൾ അന്വേഷിക്കുന്നു. ഇപ്പോൾ ഈ അനീതിയുടെ കാരണത്താൽ ഒരു യുദ്ധമുണ്ടാകുമ്പോൾ, അത് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ സാധാരണക്കാർക്ക് ഊഹിക്കാൻ കഴിയില്ല.

ഇത്തരം സന്ദർഭങ്ങളിൽ മുസ്‌ലിം രാജ്യങ്ങൾ ബോധപൂർവം പ്രവർത്തിക്കുകയും ഭിന്നതകൾ തുടച്ചുനീക്കി ഐക്യം സ്ഥാപിക്കുകയും വേണം, ഇത് തന്നെയാണ് ലോകത്ത്നിന്ന് കുഴപ്പങ്ങൾ തുടച്ചുനീക്കാനുള്ള മാർഗം. നീതിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എല്ലായിടത്തും അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾ സ്ഥാപിക്കാൻ ഒന്നിച്ച് ഉറക്കെ ശബ്ദം ഉയർത്തുക. ഐക്യമുണ്ടെങ്കിൽ ശബ്ദത്തിന് ശക്തിയുണ്ടാകും, അല്ലാത്തപക്ഷം നിരപരാധികളായ മുസ്‌ലിം ജീവനുകളുടെ നഷ്ടത്തിന് ഇക്കൂട്ടരും സർക്കാരുകളും ഉത്തരവാദികളാകുന്നതാണ്.

മർദിതനേയും മർദിക്കുന്നവനെയും സഹായിക്കണമെന്ന തിരുനബി(സ)യുടെ ഈ വചനം മുസ്‌ലിം ശക്തികൾ എപ്പോഴും തങ്ങളുടെ മുന്നിൽ സൂക്ഷിക്കണം. അല്ലാഹു മുസ്‌ലിം ഭരണകൂടങ്ങൾക്ക് ബുദ്ധി നൽകട്ടെ, ഐക്യത്തോടുകൂടി നീതി സ്ഥാപിക്കാൻ അവർക്ക് സാധിക്കട്ടെ. ലോകത്തെ യുദ്ധത്തിലേക്ക് തള്ളിവിടുന്നതിനുപകരം നാശത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ ലോകശക്തികൾ ശ്രമിക്കുന്നതിനും അവർക്കു ബുദ്ധി നൽകട്ടെ, നാശമുണ്ടായാൽ സ്വയം ഇവർ പോലും സുരക്ഷിതരായിരിക്കില്ലെന്ന് ഈ മഹാശക്തികൾ ഓർക്കണം.

പ്രാർത്ഥനയുടെ ആയുധമാണ് നമുക്കുള്ളത്; അതിനാൽ ഓരോ അഹ്മദിയും മുമ്പത്തേക്കാൾ കൂടുതൽ ഈ കാര്യത്തിൽ പ്രാർത്ഥിക്കണം. ചില അഹ്മദി കുടുംബങ്ങളും ഗാസയിൽ ഉപരോധിപ്പെട്ടിരിക്കുന്നു, അല്ലാഹു അവരെയും എല്ലാ നിരപരാധികളെയും സംരക്ഷിക്കട്ടെ.

സ്വന്തം ജനതയെ അടിച്ചമർത്തുന്നതിന് അവർ ഉത്തരവാദികളാകാതിരിക്കാനും ആരോടും അനീതി പ്രവർത്തിക്കാതിരിക്കാനും അല്ലാഹു ഹമാസിന് വിവേകം നൽകുമാറാകട്ടെ. ഇതാണ് വിശുദ്ധ ഖുർആനിന്റെ കൽപ്പന. നീതി നിറവേറ്റിക്കൊണ്ട് സമാധാനം സ്ഥാപിക്കുന്നതിന് മഹാശക്തികളെ അല്ലാഹു തആല സഹായിക്കട്ടെ. സർവ്വശക്തനായ അല്ലാഹു നമുക്ക് ലോകത്ത് സമാധാനവും സമൃദ്ധിയും ദർശിക്കാൻ സഹചര്യം ഉണ്ടാക്കട്ടെ. ആമ്മീൻ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ലണ്ടനിലെ ഡോക്ടർ ബശീർ അഹ്മദ് സാഹിബിനേയും പാകിസ്ഥാനിലെ ഡോക്ടർ ശഫീഖ് സാഹിബിന്റെ ഭാര്യ വസീമ ബീഗം സഹിബയേയും അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി. അവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനുംവേണ്ടി ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak, Islamabad, Tilford, UK – on 13.10.2023

Malayalam Translation & Typing **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**